©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2024

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST ENVIRONMENT AND TOURISM)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**നാലാമത് റിപ്പോർട്ട്**
**(2024-2025)**

**FOURTH REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2024-2025)**

**2024 ജൂൺ 10-ാം തീയതി സമർപ്പിച്ചത്**
**(Presented on 10th of June , 2024)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2024

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2024

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി X

# (SUBJECT COMMITTEE X)

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (FOREST ENVIRONMENT AND TOURISM)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(2024 -2025)

FOURTH REPORT ON THE SCRUTINY OF DEMANDS FOR GRANTS

(2024-2025)

486/2024.

# ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vi |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി X

## വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും

## (2023-2026)

**ഘടന**

ചെയർമാൻ:

ശ്രീ. എ. കെ. ശശീന്ദ്രൻ,
വനം-വന്യജീവി വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. പി. എ. മുഹമ്മദ് റിയാസ്,
പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. കെ.യു. ജനീഷ് കുമാർ

ശ്രീ. എം. മുകേഷ്

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. രാജ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. പി. എസ്. സുപാൽ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. സെൽവരാജൻ പി. എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജോമി കെ. ജോസഫ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

## അവതാരിക

2024-2025 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ നാലാമത് റിപ്പോർട്ട് സമിതിയുടെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സമിതി, 28-2-2024, 4-3-2024 എന്നീ തീയതികളിൽ യോഗം ചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശ രേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ പരിശോധിച്ചു.

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XVII | - | വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം മേജർ ഹെഡ് -3435 എക്കോളജിയും എൻവയോൺമെന്റും |
| ധനാഭ്യർത്ഥന നമ്പർ XX | - | ശുദ്ധജല വിതരണവും ശുചീകരണവും |
| ധനാഭ്യർത്ഥന നമ്പർ XXXIV | - | വനം, കേരള സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ബോർഡ് |
| ധനാഭ്യർത്ഥന നമ്പർ XLII | - | വിനോദസഞ്ചാരം |

മേല്പറഞ്ഞ ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിഗണിക്കുകയും യോഗങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിവരങ്ങൾ ആരായുകയും ചെയ്തു.

പ്രസ്തുത വിവരങ്ങൾ പരിശോധനാവിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപം നൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2024 മാർച്ച് 5-ാം തീയതി കൂടിയ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. കെ. ശശീന്ദ്രൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,
2024 ജൂൺ 10.

# റിപ്പോർട്ട്

## ധനാഭ്യർത്ഥന നമ്പർ XXXIV—വനം

വോട്ട് ചെയ്യുന്നത് - 842,07,91,000 രൂപ

ചാർജ് ചെയ്യുന്നത് - 3,02,000 രൂപ

## പ്ലാൻ

2406-01-003-97—മാനവശേഷി വികസനം

ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ

1. മനുഷ്യവിഭവശേഷി വർദ്ധനവിലൂടെയും മതിയായ പരിശീലനത്തിലൂടെയും വനം വകുപ്പിന്റെ ശാക്തീകരണമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഉദ്യോഗസ്ഥർക്കും, സന്നദ്ധ സംഘടനകൾക്കും മറ്റ് വികസന ഏജൻസികൾക്കുമുള്ള ബോധവൽക്കരണ പരിപാടികൾ, കപ്പാസിറ്റി ബിൽഡിംഗ് എന്നിവയ്ക്കായി നടപ്പുവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 3.46 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-004-92—വിഭവ ആസൂത്രണവും ഗവേഷണവും

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ

2. വിവിധ ഫോറസ്റ്റ് ഡിവിഷനുകളുടെ പ്രവർത്തന പദ്ധതികളും മാനേജ്മെന്റ് പ്ലാനുകളും തയ്യാറാക്കുകയും പരിഷ്കരിക്കുകയും ചെയ്യുക, ശാസ്ത്രീയമായ വനപരിപാലനം, ഫീൽഡ് സർവ്വെ, വനവിഭവങ്ങളുടെ വിവരശേഖരണത്തിന്റെയും കണ്ടെത്തലുകളുടെയും അടിസ്ഥാനത്തിൽ പ്രവർത്തന പദ്ധതികൾ തയ്യാറാക്കൽ, നിലവിലുള്ള ഗവേഷണങ്ങൾ തുടരുന്നതിനും പുതിയ ഗവേഷണ പരീക്ഷണങ്ങൾ നടത്തുക, വിത്തുശേഖരണം മുതലായ പ്രവൃത്തികൾ ലക്ഷ്യമിടുന്ന ഈ പദ്ധതിയ്ക്കായി നടപ്പുവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-101-81—<u>വന സംരക്ഷണം</u>

34 (3)—മറ്റ് ചെലവുകൾ—മറ്റിനം

ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ

3. വനമേഖലയുടെ മെച്ചപ്പെട്ട രീതിയിലുള്ള പരിപാലനത്തിന് വനമേഖലയുടെ ഏകീകരണം, വനാതിർത്തികളുടെ സ്ഥായിയായ വേർതിരിക്കൽ, വന സംരക്ഷണത്തിന് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ, മണ്ണ്-ജലസംരക്ഷണ പ്രവൃത്തികൾ എന്നിവ അത്യന്താപേക്ഷിതമാണ്. നിലവിലുള്ള വനവിഭവങ്ങൾ സംരക്ഷിക്കുക, പരിപാലിക്കുക, പുനരുദ്ധരിക്കുക തുടങ്ങിയ മാനദണ്ഡങ്ങളിലൂന്നി കാട്ടുതീ സംരക്ഷണ പ്രവൃത്തികൾക്കായി ഫയർ ലൈൻ, ഇന്റീരിയർ ക്യാമ്പ് ഷെഡ്സ്, ചെക്ക് പോസ്റ്റ് എന്നിവയുടെ അറ്റകുറ്റപണിയും തൊഴിലാളികൾക്കുള്ള വേതനം, ഭരണ ചെലവ്, എസ്.എം.സി. പ്രവർത്തനങ്ങൾ, വനസംരക്ഷണ സമിതികൾ/ഇക്കോഡെവലപ്മെന്റ് കമ്മിറ്റികൾക്കുള്ള സഹായധനം, തുടങ്ങിയ പ്രവർത്തികൾക്കുമായി നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 7 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2406-01-101-78—<u>സാമൂഹിക വന വിപുലീകരണവും കാർഷിക വനവൽക്കരണവും</u>

(01)—<u>വനവിപുലീകരണം</u>

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ

4. വനങ്ങൾക്ക് പുറത്ത് പച്ചപ്പ് വർദ്ധിപ്പിക്കുക, വനത്തിന് പുറത്തുള്ള പ്രത്യേക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുക, ജൈവവൈവിധ്യ സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജന അവബോധം സൃഷ്ടിക്കുക, നഗരവനവത്ക്കരണം പ്രോത്സാഹിപ്പിക്കുക എന്നിവ സാമൂഹിക വന വിപുലീകരണത്തിന്റെ പ്രത്യേകതകളാണ്. തൈ ഉൽപാദനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, ഇൻസെന്റിവൈസേഷൻ ഓഫ് പ്രൈവറ്റ് ഫോറസ്ട്രി, വിദ്യാവനം, നഗര വനം, ഫോറസ്ട്രി ക്ലബ്, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായ പദ്ധതി, വഴിയോര തണൽ, തീരവനം, ബയോഡൈവേഴ്സിറ്റി കൺസർവേഷൻ പ്രവർത്തനങ്ങൾ, ബയോഡൈവേഴ്സിറ്റി പാർക്ക്, ബട്ടർഫ്ലൈഗാർഡൻ, തീരദേശ പുനഃസ്ഥാപനപരിപാടി, ഔഷധത്തോട്ടം, ബാംബൂസെറ്റം, അർബൻ ഫോറസ്ട്രി എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. <u>ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2406-01-800-57—ഫോറസ്റ്റ് മാനേജ്മെന്റ് വിവര സമ്പ്രദായവും ജിയോഗ്രാഫിക്കൽ വിവര സമ്പ്രദായവും

ബഡ്ജറ്റ് വിഹിതം : 1.5 കോടി രൂപ

5. വനം വകുപ്പിന്റെ സേവനങ്ങളിലും കണക്ടിവിറ്റിയിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിപ്പിക്കുന്ന പ്രവൃത്തികൾക്കായി നടപ്പുവർഷം വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 70 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-68—ജൈവവൈവിധ്യ സംരക്ഷണം

34—മറ്റു ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 5.97 കോടി രൂപ

6. വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വൃക്ഷ സസ്യാദികളുടെയും ജന്തുജാലങ്ങളുടെയും സംരക്ഷണം, കാട്ടുതീ സംരക്ഷണ പദ്ധതികൾ, പരിസ്ഥിതി വികസന പ്രവൃത്തികൾ, വന്യമൃഗങ്ങൾ ധാന്യവിളകൾ നശിപ്പിക്കുന്നത് തടയൽ എന്നിവ ജൈവവൈവിധ്യ സംരക്ഷണത്തിന്റെ സുപ്രധാന പദ്ധതികളാണ്. നേച്ചർ അവെയർനെസ് ക്യാമ്പ്, വൈൽഡ് ലൈഫ് വീക്ക് ആചരണം, കോൺഫെറൻസ്, സെമിനാർ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയ്ക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 4.03 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-56—പരിസ്ഥിതി വികസന പരിപാടി

ബഡ്ജറ്റ് വിഹിതം : 3.5 കോടി രൂപ

7. പരിസ്ഥിതി വികസനത്തിൽ പ്രകൃതിവിഭവങ്ങളുടെ പങ്കാളിത്ത സംരക്ഷണം ഉൾപ്പെടുന്നു. സംരക്ഷിത പ്രദേശങ്ങളിലും വനമേഖലയിലും പരിസരങ്ങളിലുമുള്ള പ്രാദേശിക സമൂഹങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുകയും അവരുടെ തദ്ദേശീയമായ അറിവും അനുഭവവും പ്രയോജനപ്പെടുത്തി പ്രാദേശിക സമൂഹങ്ങളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ആദിവാസി സെറ്റിൽമെന്റുകളിൽ മെഡിക്കൽ ക്യാമ്പ്, നേച്ചർ അവെയർനെസ് ക്യാമ്പ് മുതലായവ നടത്തുന്നതിനും വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-48—പുത്തൂർ സുവോളജിക്കൽ പാർക്ക്, വന്യജീവി സംരക്ഷണ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ

8. മൃഗങ്ങളുടെ പരിപാലനത്തിനും ഉദ്യോഗസ്ഥന്മാരുടെ ചെലവിനും അറ്റകുറ്റപണികൾക്കും ഹെർബീവോർ സഫാരിക്കായും വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 9.674 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-110-29—കോട്ടൂരിലെ കാപ്പുകാട് ആന പുനരധിവാസ കേന്ദ്രം

ബഡ്ജറ്റ് വിഹിതം : 2 കോടി രൂപ

9. ആനകൾക്ക് വിഹരിക്കുന്നതിനുള്ള തുറന്ന പ്രദേശം, മ്യൂസിയം, ആന പാപ്പാന്മാർക്കുള്ള പരിശീലന കേന്ദ്രം, വെറ്ററിനറി ഹോസ്പിറ്റൽ, ആനപിണ്ട പുനരുപയോഗ യൂണിറ്റ് തുടങ്ങിയ സൗകര്യങ്ങളോടെ തിരുവനന്തപുരത്തെ കോട്ടൂരിൽ ലോകോത്തര നിലവാരത്തിൽ ഉള്ള ആന പുനരധിവാസ കേന്ദ്രത്തിലെ ആനകളുടെ ചെലവുകൾ, ഓഫീസ് ചെലവുകൾ, ജീവനക്കാരുടെ ചെലവ്, വൈദ്യുതിയും വെള്ളവും ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസനം, വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, പുനരധിവാസ പരിപാലന കേന്ദ്രത്തിന്റെ വടക്കൻ കേരളത്തിലെ സാറ്റലൈറ്റ് സെന്റർ എന്നിവയ്ക്കായി നീക്കിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ 11.4442 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4406-01-070-99—റോഡുകൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ

10. വനപാതകൾ മെച്ചപ്പെടുത്തി വനം വകുപ്പിലെ ജീവനക്കാരുടെ സഞ്ചാരം സുഗമമാക്കി വനസംരക്ഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. തകർന്ന ഫോറസ്റ്റ് റോഡുകളുടെ റീ-ടാറിംഗ്, റോഡുകളുടെ ടാറിംഗ് എന്നിവയ്ക്കായി നടപ്പുവർഷം വകയിരുത്തിയ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4406-01-070-97—കെട്ടിടങ്ങൾ

ബഡ്ജറ്റ് വിഹിതം : 4 കോടി രൂപ

11. ഓഫീസ് കെട്ടിടങ്ങൾ, പിക്കറ്റ് സ്റ്റേഷൻ, ചെക്ക്പോസ്റ്റ്, ഡോർമിറ്ററികൾ, ക്യാമ്പ് ഷെഡ്, ഡിപ്പോ ഓഫീസ്, ഹോസ്റ്റൽ, സർക്കിൾ ഓഫീസ്, റേഞ്ച് ഓഫീസ്, സ്റ്റാഫ് ക്വാർട്ടേഴ്സ്, വയർലെസ് ടവർ എന്നിവയുടെ നിർമ്മാണവും, നിലവിലുള്ളവയുടെ ആധുനികവൽക്കരണവും ഈ പദ്ധതിയിലൂടെ നടപ്പുവർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം പ്രസ്തുത പ്രവർത്തികൾക്ക് അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4406-01-101-99—വനസംരക്ഷണം (വനാതിർത്തികളുടെ സർവ്വേയും വനസംരക്ഷണവും) മൂലധനം (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : 25 കോടി രൂപ

12. ആധുനിക സാങ്കേതിക വിദ്യയും അത്യാധുനിക ഉപകരണങ്ങളും ഉപയോഗിച്ച് വനാതിർത്തി ഏകീകരിക്കുക, വനാതിർത്തികളുടേയും വനപരിധിയിലുള്ള പ്രദേശങ്ങളുടേയും സർവ്വേ, അതിർത്തിതിരിക്കൽ, വനവത്ക്കരണ പ്രവൃത്തികളുടെ യന്ത്രവത്ക്കരണം എന്നിവ അത്യന്താപേക്ഷിതമാണ്. വനപാതകൾ, കരിങ്കൽ ഭിത്തികൾ, സംരക്ഷണ ഭിത്തികൾ, ചുറ്റുമതിൽ എന്നിവയുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 7.5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4406-01-105-87—തോട്ടങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കൽ-

(01)—വന്മരത്തോട്ടങ്ങൾ

ബഡ്ജറ്റ് വിഹിതം : 5 കോടി രൂപ

13. വൻമരതോട്ടങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, തോട്ടങ്ങളുടെ വിസ്തൃതി വർദ്ധിപ്പിക്കുക, നശിച്ചുപോയ തോട്ടങ്ങളെ പുനരുജ്ജീവിപ്പിച്ച് സ്വാഭാവിക വനങ്ങളാക്കി മാറ്റുക എന്നീ പ്രവൃത്തികളാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നടപ്പുവർഷം 209 ഹെക്ടർ സ്ഥലത്ത് തേക്ക് പ്ലാന്റ് ചെയ്യുന്നതിനും 630 ഹെക്ടർ പ്ലാന്റേഷന്റെ അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4406-01-800-91—പരിസ്ഥിതി വിനോദസഞ്ചാരം

ബഡ്ജറ്റ് വിഹിതം : 6 കോടി രൂപ

14. സംസ്ഥാനത്തെ നിലവിലെ ഇക്കോ ടൂറിസം സെന്ററുകളുടെ നടത്തിപ്പിനും നവീകരണത്തിനുമായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ 4 കോടി രൂപ അധികമായി ധനപുനഃവിനിയോഗംവഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നോൺ പ്ലാൻ

2406-01-105-99—സർക്കാർ ഏജൻസി വഴി വനങ്ങളിൽ നിന്നും തടിയും മറ്റുൽപ്പന്നങ്ങളും സംഭരിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം : 32 കോടി രൂപ

15. പ്രായമെത്തിയ തേക്ക്, വെള്ളമരം എന്നിവ തോട്ടങ്ങളിൽ നിന്ന് മുറിച്ച് തടിയും വിറകും ശേഖരിക്കുക, വനത്തിനുള്ളിലെ, കാറ്റത്ത് പിഴുത് വീഴുന്നതും ഉണങ്ങി നിൽക്കുന്നതുമായ മരങ്ങൾ മുറിച്ച് തടി ശേഖരിക്കുക തുടങ്ങിയ പ്രവൃത്തികളിലൂടെ സർക്കാരിലേയ്ക്കുള്ള മുഖ്യവരുമാന സ്രോതസ്സായ ഈ പദ്ധതിയിലൂടെ നടപ്പുവർഷം സർക്കാർ 500 കോടി രൂപ വരുമാനം പ്രതീക്ഷിക്കുന്നു. വിഹിതം കൂടുതൽ അനുവദിക്കുന്ന പക്ഷം കൂടുതൽ വരുമാനം സർക്കാരിന് ലഭിക്കുന്നതാണ്. എന്നാൽ നിലവിൽ അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 4 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-01-800-92 —വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്നവർക്കുള്ള ആശ്വാസം

ബഡ്ജറ്റ് വിഹിതം : 1.2615 കോടി രൂപ

16. വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് മരണപ്പെടുന്നവരുടെ ആശ്രിതർക്കും, പരിക്കേറ്റവർക്കും, കൃഷി, വാസസ്ഥലം മുതലായവ നഷ്ടപ്പെട്ടവർക്കും ആശ്വാസ ധനസഹായം നൽകുന്നതിനുമായി നടപ്പു സാമ്പത്തികവർഷം അനുവദിച്ച ബഡ്ജറ്റ് വിഹിതം തീരെ അപര്യാപ്തമായതിനാൽ 23 കോടി രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതുശിപാർശ

17. **കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യക്ഷ സൂചനകൾ സംസ്ഥാനത്തിന്റെ പാരിസ്ഥിതിക, വന മേഖലകളിൽ അനുഭവപ്പെടുന്നതിന്റെയും തൽഫലമായി മനുഷ്യ-വന്യമൃഗ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നതിന്റെയും പശ്ചാത്തലത്തിൽ പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾക്ക് കൂടുതൽ പ്രാധാന്യം നൽകി അധിക തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

## ധനാഭ്യർത്ഥന നമ്പർ XVII

വോട്ട് ചെയ്തത് - 2,44,81,29,72,000 രൂപ.

ചാർജ് ചെയ്തത് - 21,00,000 രൂപ

## പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ്

### പ്ലാൻ

3435-03-102-87—കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി

ബഡ്ജറ്റ് വിഹിതം : 1.20 കോടി രൂപ

18. കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയ്ക്ക് അനുവദിച്ച തുക മുൻ വർഷത്തെ അപേക്ഷിച്ച് കുറവായതിനാൽ ഈ ശീർഷകത്തിൽ 48 ലക്ഷം രൂപ ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3435-03-103-97—കാലാവസ്ഥയ്ക്ക് അനുയോജ്യമായ കൃഷി രീതി

ബഡ്ജറ്റ് വിഹിതം : 30 ലക്ഷം രൂപ

19. 'കാലാവസ്ഥ അനുരൂപ കൃഷിരീതികൾ' എന്നതിൽ പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് ഇപ്പോൾ ലഭ്യമാക്കിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 30 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3435-04-104-99—പാരിസ്ഥിതിക ആഘാതം വിലയിരുത്തൽ

ബഡ്ജറ്റ് വിഹിതം : 1.6 കോടി രൂപ (പ്ലാൻ)

20. പുതിയ 3 നിയമനങ്ങളുടെ വേതനം, SEIAA/SEAC ചെയർമാന്മാരുടെ ഓണറേറിയം, സിറ്റിംഗ് ഫീസ്, യാത്രാബത്ത, Standing Counsel മാർക്ക് നൽകേണ്ട

പ്രതിഫലം എന്നിവയ്ക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നോൺ പ്ലാൻ

3435-03-102-89—പരിസ്ഥിതി - കാലാവസ്ഥ വ്യതിയാന വകുപ്പ്

97—വാഹനങ്ങളുടെ വാടക

ബഡ്ജറ്റ് വിഹിതം : 4.5 ലക്ഷം രൂപ

21. വാഹന വാടക ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIV

## കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

## നോൺ പ്ലാൻ

2406-02-188-99—കേരള സംസ്ഥാന ബയോഡൈവേഴ്സിറ്റി ബോർഡ്

ബഡ്ജറ്റ് വിഹിതം : നോൺ പ്ലാൻ

31—സഹായധനം- ശമ്പളം - 1.3872 കോടി രൂപ

36—സഹായധനം-ശമ്പളേതരം - 17.82 ലക്ഷം രൂപ

22. ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ശമ്പള വർദ്ധനവ്, ഡി.എ. കുടിശ്ശിക സെക്യൂരിറ്റി ജീവനക്കാരുടെ വേതനം, ബോർഡിലെ മറ്റ് ഓഫീസ് ചെലവുകളായ കെട്ടിട വാടക, വാട്ടർ ചാർജ്ജ്, ഇലക്ട്രിസിറ്റി ചാർജ്ജ്, സ്റ്റേഷനറി, പോസ്റ്റേജ് ചാർജ് എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ താഴെ കാണിച്ചിരിക്കുന്ന ശീർഷകങ്ങൾക്കു നേരേ കാണിച്ചിട്ടുള്ള തുക ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2406-02-188-99-31—സഹായധനം- ശമ്പളം - 50 ലക്ഷം രൂപ

2406-02-188-99-36—സഹായധനം-ശമ്പളേതരം - 26.35 ലക്ഷം രൂപ

## ധനാഭ്യർത്ഥന നമ്പർ XVII

## കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

### പ്ലാൻ

3435-04-188-99—കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്

ബഡ്ജറ്റ് വിഹിതം : 3 കോടി രൂപ

23. കേരളത്തിലെ തീരപ്രദേശ ശുചീകരണവുമായി ബന്ധപ്പെട്ട് സംസ്ഥാന ഓയിൽ സ്പിൽ കണ്ടിജൻസി പ്ലാൻ വികസിപ്പിക്കുന്നതിനായും ജല-വായു ശബ്ദ മലിനീകരണം കുറയ്ക്കുക, ജലത്തിന്റെ ശരിയായ ഉപയോഗവും സംരക്ഷണവും, ഖരമാലിന്യം കൈകാര്യം ചെയ്യുന്ന രീതികൾ, പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ പുനരുപയോഗവും, സംസ്കരണവും എന്നിവയെക്കുറിച്ചുള്ള അറിവ് പൊതുജനങ്ങളിലേയ്ക്കെത്തിക്കുന്നതിനായും ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. 6.243048 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3435-03-103-94—കേരള സ്റ്റേറ്റ് ക്ലൈമറ്റ് ചേഞ്ച് അഡാപ്റ്റേഷൻ അതോറിറ്റി (കെ.എസ്.സി.സി.എ.എ.)

ബഡ്ജറ്റ് വിഹിതം : 1 കോടി രൂപ

24. കാലാവസ്ഥ വ്യതിയാന അനുരൂപീകരണ മിഷന്റെ പ്രവർത്തനങ്ങൾക്കായി ഉദ്യോഗസ്ഥരെ നിയോഗിക്കുകയും, മിഷൻ ചുമതലകൾ നിർണ്ണയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത ചുമതലകൾ നിർവ്വഹിക്കുന്നതിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം

വോട്ട് ചെയ്തത് - 4,21,27,20,000 രൂപ.

ചാർജ് ചെയ്തത് - Nil

### പ്ലാൻ

3452-01-102-95—പരിസ്ഥിതി ടൂറിസം ഉല്പന്നങ്ങളുടെ വികസനം

ബഡ്ജറ്റ് വിഹിതം : 1.9 കോടി രൂപ

25. ഇക്കോടൂറിസം വകുപ്പ് ഏറ്റെടുത്തിട്ടുള്ള പദ്ധതികളും തെന്മല ഇക്കോടൂറിസം പ്രമോഷൻ സൊസൈറ്റിയുടെ പദ്ധതികളും നടപ്പിലാക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. 2.6 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-003-97—മാനവവിഭവശേഷി വികസനവും പരിശീലനവും (01) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)

ബഡ്ജറ്റ് വിഹിതം : 3.15 കോടി രൂപ

26. കിറ്റ്സ് കോഴ്സിന് അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള നടപടികൾക്കും ഗേൾസ് ഹോസ്റ്റൽ നിർമ്മാണ പ്രവർത്തികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-99—പരിസ്ഥിതി സംസ്കാരം, പൈതൃകം എന്നിവയുടെ പരിപാലനവും സംരക്ഷണവും

ബഡ്ജറ്റ് വിഹിതം : 24 കോടി രൂപ

27. വിദേശ-തദ്ദേശീയ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി വിവിധ സാംസ്കാരികോത്സവങ്ങളും വിവിധങ്ങളായ അഡ്വഞ്ചർ ആക്ടിവിറ്റീസുകളും നടത്തുന്നതിലേക്കായുള്ള ധനസഹായം വിതരണം ചെയ്യുന്നതിലേക്കായി ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 26 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-98—വിപണനം

34-(3— മറ്റ് ചെലവുകൾ - മറ്റിനം)

ബഡ്ജറ്റ് വിഹിതം : 78.17 കോടി രൂപ

28. തദ്ദേശ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ രാഷ്ട്ര-അന്താരാഷ്ട്ര തലത്തിലുള്ള വിപണന ക്യാമ്പയിൻ നടത്തുന്നതിനും പുതിയ മാർക്കറ്റുകൾ കണ്ടെത്തി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനുമുള്ള ക്യാമ്പയിൻ നടത്തുന്നതിനുമായി അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. 40.83 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-104-91—ജില്ലാ വിനോദസഞ്ചാര പ്രോത്സാഹന കൗൺസിലുകളും സന്ദർശക പ്രോത്സാഹന ബ്യൂറോകളും (ഡി.റ്റി.പി.സി.)

ബഡ്ജറ്റ് വിഹിതം : 2.5 കോടി രൂപ

29. ഈ ശീർഷകത്തിൽ അനുവദിച്ചിരിക്കുന്ന തുക മുൻവർഷത്തേക്കാൾ പരിമിതമായതിനാൽ 2.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-20—ലീഗ് അടിസ്ഥാനത്തിലുള്ള ബോട്ട് മത്സരം

ബഡ്ജറ്റ് വിഹിതം : 9.96 കോടി രൂപ

30. കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള തുക പരിമിതമാണ്. മുൻ വർഷങ്ങളിലെ സ്പിൽ ഓവർ ബില്ലുകൾ കൂടി അനുവദിക്കുന്നത് ഇപ്പോൾ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-101-99—അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

34(3)—മറ്റ് ചെലവുകൾ - മറ്റിനം

ബഡ്ജറ്റ് വിഹിതം : 136 കോടി രൂപ

31. സംസ്ഥാനത്തുടനീളമുള്ള പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും, നിലവാരം മെച്ചപ്പെടുത്തുന്നതിനും, വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥനവഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-101-86—അതിഥി മന്ദിരങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെയും മറ്റു സൗകര്യങ്ങളുടെയും വികസനവും നിലവാരം ഉയർത്തലും

ബഡ്ജറ്റ് വിഹിതം : 20 കോടി രൂപ

32. ടൂറിസം വകുപ്പിന് കീഴിലുള്ള വിവിധ ഗസ്റ്റ് ഹൗസിലെ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനും വിവിധ യാത്രിനിവാസിലെ അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്നതിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-190-99—കേരള വിനോദസഞ്ചാര വികസന കോർപ്പറേഷൻ

ബഡ്ജറ്റ് വിഹിതം : 12 കോടി രൂപ

33. നിലവിലെ പദ്ധതികൾ പൂർത്തിയാക്കുന്നതിനും പുതിയ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രസ്തുത തുക പരിമിതമായതിനാൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-190-98—ടൂറിസം ഇൻഫ്രാസ്ട്രക്ചർ ക്ലിപ്തം (കേരള)

ബഡ്ജറ്റ് വിഹിതം : 1.4 കോടി രൂപ

34. ഈ സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക നിലവിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പൂർണ്ണതയിൽ എത്തിക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ 33 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-190-96—ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്

ബഡ്ജറ്റ് വിഹിതം : 95 ലക്ഷം രൂപ

35. ഇവന്റുകൾ, ബോധവൽക്കരണം, മാർക്കറ്റിംഗിന്റെ ഭാഗമായുള്ള സെമിനാറുകൾ, ബേക്കൽ ബീച്ച് ഫെസ്റ്റ്, ബി.ആർ.ഡി.സി. ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം, ഗ്രീൻ എനർജി ഇനിഷ്യേറ്റീവ്സ് എന്നീ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2.8 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5452-01-800-84—മുസിരിസ്-സ്പൈസ് റൂട്ട് പൈതൃക പദ്ധതി

ബഡ്ജറ്റ് വിഹിതം : 14 കോടി രൂപ

36. തലശ്ശേരി പൈതൃക പദ്ധതി, മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തിരുവിതാംകൂർ പൈതൃക പദ്ധതി എന്നീ പ്രവർത്തികൾക്ക് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 10 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## നോൺ പ്ലാൻ

3452-01-103-99 —ഗതാഗതം

21(2)—മോട്ടോർ വാഹനങ്ങൾ - സംരക്ഷണവും അറ്റകുറ്റപണികളും

ബഡ്ജറ്റ് വിഹിതം : 1.301 കോടി രൂപ

37. ബഹുമാനപ്പെട്ട മന്ത്രിമാർക്കും, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മറ്റ് വി.ഐ.പി.-കൾ, വി.വി.ഐ.പി.-കൾ എന്നിവർക്ക് നൽകുന്നതിന് ടൂറിസം വകുപ്പിന് കീഴിലുള്ള വാഹനങ്ങളാണ് ഉപയോഗിക്കുന്നത്. ഇവയുടെ അറ്റകുറ്റപണികൾക്കും, വാഹനങ്ങളുടെ ഇൻഷുറൻസ് തുക പുതുക്കുന്നതിനും അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 55 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-01-103-99—ഗതാഗതം

45—പി.ഒ.എൽ.

ബഡ്ജറ്റ് വിഹിതം : 2.09 കോടി രൂപ

38. ബഹുമാനപ്പെട്ട മന്ത്രിമാർക്കും, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ്, മറ്റ് വി.ഐ.പി.-കൾ, വി.വി.ഐ.പി.-കൾ എന്നിവർക്ക് നൽകുന്നതിന് ടൂറിസം വകുപ്പിന് കീഴിലുള്ള വാഹനങ്ങളാണ് ഉപയോഗിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 60 ലക്ഷം രൂപ അധിക ധനവിനിയോഗാനുമതി വഴി ലഭ്യമാക്കിയിരുന്നു. ഈ വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 85 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-96 —ജില്ലാ ഓഫീസുകൾ

06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 1 ലക്ഷം രൂപ

39. ജില്ലാ ഓഫീസുകളുടെ കരം ഒടുക്കാനുള്ള കെട്ടിട നികുതിയിനത്തിലെ ചെലവുകൾക്കായി ഈ വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും

05(4)—ഓഫീസ് ചെലവുകൾ - മറ്റിനങ്ങൾ

ബഡ്ജറ്റ് വിഹിതം : 57.29 ലക്ഷം രൂപ

40. സർക്കാർ ഗസ്റ്റ് ഹൗസുകളുടെയും യാത്രീനിവാസുകളുടെയും പെറ്റി ചെലവുകളും, ലോൺട്രി ചെലവുകൾക്കുമായി ഈ വർഷം അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-001-95—ഗസ്റ്റ് ഹൗസുകളും യാത്രീനിവാസുകളും ടൂറിസ്റ്റ് ലോഡ്ജുകളും
06 - വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 12 ലക്ഷം രൂപ

41. ഒരു വർഷത്തേക്ക് വിവിധ അതിഥി മന്ദിരങ്ങളും യാത്രീനിവാസുകളിലേയ്ക്കും കെട്ടിട നികുതി ഇനത്തിൽ ഈ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 39 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3452-80-800-22—വി.വി.ഐ.പി. സന്ദർശനവുമായി ബന്ധപ്പെട്ട ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 82.5 ലക്ഷം രൂപ

42. ബഹുമാനപ്പെട്ട രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി, മറ്റ് വി.വി.ഐ.പി.-കൾ തുടങ്ങിയവരുടെ സംസ്ഥാന സന്ദർശനത്തോടനുബന്ധിച്ച ചെലവുകൾ സംബന്ധിച്ച ബില്ലുകൾ കൊടുത്തു തീർക്കാനായി നിലവിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം വഴിയോ അഥവാ ഉപധനാഭ്യർത്ഥന വഴിയോ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

എ. കെ. ശശീന്ദ്രൻ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി X.*

തിരുവനന്തപുരം,

*2024 മാർച്ച് 5.*